ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ബംഗ്ലാദേശിലെ ക്രമസമാധാന പ്രശ്നവുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ ഇന്ത്യ നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   **India is closely observing the situations in Bangladesh said External Affairs Minister Dr S Jaishankar.**

2. ബംഗ്ലാദേശ് സംഘർഷത്തെക്കുറിച്ച് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ അന്വേഷണം ആവശ്യപ്പെട്ട് യു കെ.

   **UK government calls for UN-led probe into unrest in Bangladesh.**

3. സുസ്ഥിരമായ തൊഴിൽ ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി മൻസൂഖ് മാണ്ഡവ്യ.

   **The Union Minister Dr. Mansukh Mandaviya said that the Government is committed to creating a sustainable and inclusive employment ecosystem.**

4. വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കായി സാധ്യമായ എല്ലാ രീതിയിലും തെരച്ചിൽ നടത്തുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **CM Pinarayi Vijayan said that all possible ways of search is being done to find those missing in the landslide of Wayanad.**

5. പാരീസ് ഒളിംപിക്സിൽ പുരുഷന്മാരുടെ ജാവലിൻത്രോയിൽ ഇന്ത്യൻ താരം നീരജ് ചോപ്ര ഫൈനലിൽ പ്രവേശിച്ചു. വനിതകളുടെ ഫ്രീ സ്റ്റൈൽ ഗുസ്തിയിൽ വിനേഷ് ഫോഗട്ട് സെമിയിൽ.

**In Paris Olympics, Neeraj Chopra advances to final in Javelin throw while in Women's Wrestling Freestyle 50kg Vinesh Phogat advances to semifinal.**

&&&&&&&&&&&&&&&&&&

## PREZ-FIJI COMMUNITY RECEPTION

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ഫിജിയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഫിജിയുടെ പരമോന്നത പുരസ്ക്കാരമായ കംപാനിയൻ ഓഫ് ദ ഓർഡർ ബഹുമതി സ്വീകരിച്ചു. ഫിജിയുടെ പരമോന്നത സിവിലിയൻ ബഹുമതി നേടിയ രാഷ്ട്രപതി ദ്രൗപതി മുർമുവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തിനും ശ്രീമതി മുർമുവിന്റെ നേതൃത്വത്തിനുമുള്ള അംഗീകാരമാണ് പുരസ്കാരമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഫിജി പാർലമെന്റിനെ ശ്രീമതി മുർമു ഇന്ന് അഭിസംബോധന ചെയ്തു. ഇന്ത്യയും ഫിജിയും തമ്മിലുള്ള 75 വർഷത്തെ നയതന്ത്ര ബന്ധത്തെ രാഷ്ട്രപതി അനുസ്മരിച്ചു. ഫിജിയിൽ നിർമിക്കുന്ന 100 കിടക്കകളുള്ള അത്യാധുനിക കാർഡിയോളജി ആശുപത്രിയുടെ രേഖകൾ കൈമാറുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഫിജി പ്രധാനമന്ത്രി സിതിവേനി റബുകയും അധ്യക്ഷത വഹിച്ചു. ഫിജിയുടെ തലസ്ഥാന നഗരിയായ സുവയിൽ ഇന്ത്യൻ സമൂഹം നൽകിയ സ്വീകരണത്തിലും രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുത്തു. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ രാഷ്ട്രപതി നാളെ ന്യൂസിലൻഡിൽ എത്തും. ശനിയാഴ്ച തിമോർ - ലെസ്റ്റെയും ശ്രീമതി മുർമു സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 1

## RS-JAISHANKAR BANGLADESH

ബംഗ്ലാദേശിലെ ക്രമസമാധാന പ്രശ്നവുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ ഇന്ത്യ നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കാൻ വിവിധ സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങളെ സ്വാഗതം

ചെയ്യുന്നതായും അദ്ദേഹം പാർലമെന്റിൽ പറഞ്ഞു. 9000 വിദ്യാർത്ഥികൾ ഉൾപ്പെടെ 19,000 ഇന്ത്യൻ പൗരന്മാർ നിലവിൽ ബംഗ്ലാദേശിലുണ്ടെന്നും അദ്ദേഹം ഇരുസഭകളെയും അറിയിച്ചു. ധാക്കയിലെ ഹൈക്കമ്മീഷന്റെ നിർദേശപ്രകാരം കഴിഞ്ഞ മാസം തന്നെ ഭൂരിഭാഗം വിദ്യാർത്ഥികളും ഇന്ത്യയിലേക്ക് മടങ്ങിയിട്ടുണ്ട്. ബംഗ്ലാദേശിലെ അധികാരികളുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി. പ്രക്ഷോഭത്തിൻറെ പശ്ചാത്തലത്തിൽ താല്ക്കാലികമായി ഇന്ത്യയിൽ തങ്ങാൻ ഷേഖ് ഹസീന അനുവാദം ചോദിക്കുകയും ഇതിൻറെ അടിസ്ഥാനത്തിൽ അവർ ഇന്നലെ വൈകുന്നേരത്തോടെ ഡൽഹിയിൽ എത്തിയതായും വിദേശകാര്യമന്ത്രി സഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ALL PARTY MEETING

ബംഗ്ലാദേശ് വിഷയത്തിൽ കേന്ദ്ര സർക്കാർ സർവകക്ഷിയോഗം വിളിച്ചു ചേർത്തു. ന്യൂഡൽഹിയിൽ നടന്ന യോഗത്തിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ബംഗ്ലാദേശിലെ നിലവിലെ സ്ഥിതിഗതികൾ വിശദീകരിച്ചു. വിഷയത്തിൽ, സർവകക്ഷിയോഗം ഏകകണ്ഠമായ പിന്തുണ അറിയിച്ചതായി ശ്രീ ജയശങ്കർ അറിയിച്ചു. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, കിരൺ റിജിജു, ജെ പി നഡ്ഡ തുടങ്ങിയവരും, ഘടക കക്ഷികളിൽ നിന്നുള്ള മന്ത്രിമാരും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും യോഗത്തിൽ പങ്കെടുത്തു. തൃണമൂൽ, എൻ.സി.പി, സമാജ് വാദി പാർട്ടി, ഡിഎംകെ തുടങ്ങി വിവിധ പ്രതിപക്ഷ കക്ഷിനേതാക്കളും യോഗത്തിന്റെ ഭാഗമായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഇന്നലെ കേന്ദ്രമന്ത്രിസഭയുടെ സുരക്ഷകാര്യ സമിതി യോഗം ചേർന്ന് ബംഗ്ലാദേശിലെ സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## UK - UN Probe

ബംഗ്ലാദേശ് സംഘർഷത്തെക്കുറിച്ച് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ അന്വേഷണം ആവശ്യപ്പെട്ട് യു കെ. ബംഗ്ലാദേശിന്റെ സമാധാനപരവും ജനാധിപത്യപരവുമായ ഭാവി കാണാനാണ് യു കെ ആഗ്രഹിക്കുന്നതെന്ന് വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമി പറഞ്ഞു. ഇടക്കാല സർക്കാരിന് കീഴിൽ ശാന്തി പുനഃസ്ഥാപിക്കാൻ എല്ലാ കക്ഷികളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

**WB-BSF DG**

ബംഗ്ലാദേശിലെ സംഭവവികാസങ്ങളെത്തുടർന്ന് അതിർത്തി സംരക്ഷണ സേനയായ ബിഎസ്എഫ് മേധാവി ദൽജിത് സിംഗ് ചൗധരി പശ്ചിമബംഗാളിലെ ഇന്ത്യ-ബംഗ്ലാദേശ് അതിർത്തി സന്ദർശിച്ചു. അതിർത്തി പ്രദേശങ്ങളിലെ ബിഎസ്എഫിന്റെ പ്രവർത്തനരീതികളും തന്ത്രപരമായ വിന്യാസവും അദ്ദേഹം അവലോകനം ചെയ്തു. ബംഗ്ലാദേശിലെ സ്ഥിതിഗതികൾ കണക്കിലെടുത്ത് അതിർത്തിയിൽ സുരക്ഷ ശക്തമാക്കാനും നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**BANGLADESH INTERIM GOVT**

ബംഗ്ലാദേശിൽ വിദ്യാർത്ഥി പ്രക്ഷോഭത്തെ തുടർന്ന് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവച്ച പശ്ചാത്തലത്തിൽ ഇടക്കാല സർക്കാർ രൂപീകരണ പദ്ധതികൾക്ക് രൂപം നൽകി വിവേചന വിരുദ്ധ വിദ്യാർത്ഥി പ്രസ്ഥാനം. ഇടക്കാല സർക്കാരിന്റെ മുഖ്യ ഉപദേഷ്ടാവായി നൊബേൽ ജേതാവ് ഡോ. മുഹമ്മദ് യൂനസിനെ നിർദേശിക്കുന്നതായി വിദ്യാർത്ഥി പ്രസ്ഥാനത്തിൻ്റെ സംഘാടകർ സമൂഹ മാധ്യമങ്ങളിലൂടെ അറിയിച്ചു. അദ്ദേഹം ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചതായും അവർ പറഞ്ഞു. കലാപം രൂക്ഷമായതിനെ തുടർന്ന് ഷെയ്ഖ് ഹസീന പ്രധാനമന്ത്രി സ്ഥാനം രാജിവച്ചതോടെ ഇടക്കാല സർക്കാർ രൂപീകരിക്കാൻ പ്രസിഡൻ്റ് മുഹമ്മദ് ഷഹാബുദ്ദീൻ തീരുമാനിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## MANDAVIYA-ELI SCHEME

സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ തൊഴിൽ ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസൂഖ് മാണ്ഡവ്യ. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് സുഗമമാക്കുന്നതിനാണ് എംപ്ലോയ്മെന്റ് ലിങ്ക്ഡ് ഇൻസെൻറ്റീവ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. രണ്ട് വർഷത്തിനുള്ളിൽ രാജ്യത്ത് രണ്ട് കോടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്ന് മന്ത്രാലയം അറിയിച്ചു. ഇ എൽ ഐ പദ്ധതിയെക്കുറിച്ചുള്ള യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## WAYANAD - CM

വയനാട് ഉരുൾപൊട്ടലിൽ കാണാതായവരെ കണ്ടെത്താൻ സാധ്യതകളൊന്നും ബാക്കിനിർത്താതെയുള്ള തെരച്ചിലാണ് നടക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പരിശോധിക്കാത്ത ഒരു പ്രദേശവും ഈ മേഖലയിലുണ്ടാകരുതെന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ടു പോകുന്നത്. ഉരുൾപൊട്ടലിൽ അകപ്പെട്ടവരെ സ്കൂൾ ക്യാമ്പുകളിൽ നിന്ന് മാറ്റുമ്പോൾ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ദുരന്തത്തിൽ മരിച്ചവരുടെ സ്ഥിരീകരിച്ച സംഖ്യ 224ലെത്തിയതായും മുഖ്യമന്ത്രി അറിയിച്ചു. 154 പേരെ കാണാതായി എന്നാണ് കണക്ക്. 88 പേർ ഇപ്പോഴും ആശുപത്രികളിലാണ്. ചൂരൽ മല ഭാഗത്ത് 9 ക്യാമ്പുകളിലായി 1381 പേരാണ് കഴിയുന്നത്. അതേസമയം വയനാട് ദുരന്ത മേഖലയിൽ നിന്ന് കണ്ടെടുത്ത 22 ശരീര ഭാഗങ്ങൾ ഇന്ന് പുത്തുമലയിൽ സംസ്കരിച്ചു. സർവമത പ്രാർത്ഥനയോടെയായിരുന്നു സംസ്കാരം. വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ

യാദവ് നടത്തിയ പ്രസ്താവനയെ മുഖ്യമന്ത്രി വിമർശിച്ചു. കേരളത്തിലെ മലയോര മേഖലയിലെ കുടിയേറ്റത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്നും, അനധികൃത കുടിയേറ്റമായി ഇതിനെ മുദ്ര കുത്താൻ സാധിക്കില്ല എന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## AMOEBIC MENINGOENCEPHALITIS

തിരുവനന്തപുരത്ത് അമീബിക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച നെയ്യാറ്റിൻകര നെല്ലിമൂട് പ്രദേശത്ത് 39 പേർ നിരീക്ഷണത്തിലുണ്ടെന്ന് ആരോഗ്യവകുപ്പ്. രോഗം സ്ഥിരീകരിച്ച പേരൂർക്കട സ്വദേശിയ്ക്ക് രോഗം ബാധിച്ചത് എവിടെ നിന്നാണെന്ന് ഇതുവരെ കണ്ടെത്താനായിട്ടില്ല. രോഗ ബാധ റിപ്പോർട്ട് ചെയ്ത പ്രദേശം തിരുവനന്തപുരം ഡിഎംഒ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## PARIS OLYMPICS (INTRO)

പാരീസ് ഒളിംപിക്സിൽ പുരുഷന്മാരുടെ ജാവലിൻത്രോയിൽ ഇന്ത്യൻ താരം നീരജ് ചോപ്ര ഫൈനലിൽ പ്രവേശിച്ചു. 89.34 മീറ്റർ ദൂരം എറിഞ്ഞാണ് ടോക്യോ ഒളിംപിക്സിലെ സ്വർണ്ണ മെഡൽ ജേതാവ് കൂടിയായ നീരജിന്റെ ഫൈനൽ പ്രവേശം. വനിതകളുടെ ഫ്രീ സ്റ്റൈൽ ഗുസ്തിയിൽ 50 കിലോഗ്രാം വിഭാഗത്തിൽ വിനേഷ് ഫോഗട്ട് സെമിയിൽ കടന്നു.

വിശദാംശങ്ങളിലേക്ക്..... (വോയ്സ്)

## PARIS OLYMPICS (VOICE)

ജാവലിൻ ത്രോയിൽ ഫൈനൽ യോഗ്യതയ്ക്കു വേണ്ട ദൂരം 84 മീറ്ററാണെന്നിരിക്കെ, ആദ്യ ശ്രമത്തിൽത്തന്നെ 89.34 മീറ്റർ ദൂരം എറിഞ്ഞാണ് നീരജ് ഫൈനൽ ഉറപ്പിച്ചത്. ഗ്രൂപ്പ് എ യിൽ ജർമനിയുടെ ജൂലിയൻ വെബ്ബർ 87.76 മീറ്റർ ദൂരം എറിഞ്ഞ് രണ്ടാമതായി ഫൈനൽ റൗണ്ടിലേക്ക് യോഗ്യത നേടി. 86.59 ദൂരം ജാവലിൻ പായിച്ച് പാകിസ്താന്റെ അർഷാദ് നദീമും ഫൈനലിൽ ഇടംപിടിച്ചിട്ടുണ്ട്. എന്നാൽ ഗ്രൂപ്പ് എയിൽ മത്സരിച്ച ഇന്ത്യൻ

താരം  കിഷോർ കുമാർ ജനയ്ക്ക് യോഗ്യതാ ദൂരം കടക്കാനായില്ല. ഈ മാസം 8നാണ് ഫൈനൽ മത്സരം. അതേസമയം, വനിതകളുടെ 50 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വിനേഷ് ഫോഗട്ട് സെമിയിൽ കടന്നു. ക്വാർട്ടർ ഫൈനലിൽ യുക്രെയ്ൻ താരം ഒക്സാന ലിവാച്ചിനെ വീഴ്ത്തിയാണ് വിനേഷ് ഫോഗട്ടിന്റെ സെമിപ്രവേശം.  ടേബിൾ ടെന്നിസിൽ ഇന്ന് നടന്ന പോരാട്ടത്തിൽ ഇന്ത്യൻ പുരുഷ ടീം പരാജയപ്പെട്ടു. പുരുഷ ഹോക്കി സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ജർമനിയെ നേരിടും. ഇന്ത്യൻ സമയം രാത്രി 10.30 നാണ് മത്സരം.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&

## INDIA-SL CRICKET

ഇന്ത്യ - ശ്രീലങ്ക ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം നാളെ ഉച്ചക്ക് 2.30 ന് നടക്കും. പരമ്പരയിലെ ആദ്യ മത്സരം സമനിലയിൽ കലാശിച്ചപ്പോൾ രണ്ടാം മത്സരത്തിൽ ശ്രീലങ്കക്കായിരുന്നു വിജയം.

&&&&&&&&&&&&&&&&&&

## INDIA UK ADVISORY

യു കെ യിൽ അടുത്തിടെയുണ്ടായ അസ്വസ്ഥതകൾ കണക്കിലെടുത്ത് രാജ്യത്തേക്കുള്ള യാത്രയിൽ ജാഗ്രത പാലിക്കണമെന്ന് ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ പൗരന്മാരോട് അഭ്യർത്ഥിച്ചു. ഇന്ത്യയിൽ നിന്നുള്ള സന്ദർശകർ പ്രാദേശിക സുരക്ഷാ ഏജൻസികൾ നൽകുന്ന നിർദേശങ്ങൾ അനുസരിക്കണമെന്നും പ്രക്ഷോഭം നടക്കുന്ന പ്രദേശങ്ങൾ ഒഴിവാക്കണമെന്നും മുന്നറിയിപ്പിലുണ്ട്. ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണ്.

&&&&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം. ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ മാത്രമാണ് മഞ്ഞ ജാഗ്രത നൽകിയിരിക്കുന്നത്. മീൻപിടിത്തത്തിനും തടസ്സമില്ല.

&&&&&&&&&&&&&&&&&&

## UTTARKHAND-RESCUE OPERATION

ഉത്തരാഖണ്ഡിൽ ദുരന്തബാധിത പ്രദേശമായ കേദാർഘട്ടിയിലെ ദുരിതാശ്വാസ-രക്ഷാപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിൽ. ആറാം ദിവസമായ ഇന്നും രക്ഷാപ്രവർത്തനം തുടരുകയാണ്. തീർത്ഥാടകരെയുൾപ്പെടെ ഇതുവരെ 11,700-ലധികം പേരെ രക്ഷപ്പെടുത്തി. എൻ ഡി ആർ എഫ്, എസ് ഡി ആർ എഫ്, കരസേന എന്നിവരുടെ നേതൃത്വത്തിലാണ് രക്ഷാ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&